**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3500** **12-03-2025 - ൽ മറുപടിയ്ക്ക്**

**കിസാൻ അഭിമാൻ പദ്ധതിയിൽനിന്നും കർഷക ക്ഷേമനിധിയിലേക്ക് കൈമാറ്റം ചെയ്ത തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കിസാൻ അഭിമാൻ പദ്ധതിയുടെ കണക്കിൽ ഉണ്ടായിരുന്ന തുക കർഷക ക്ഷേമനിധി ബോർഡ് നിലവിൽ വന്ന തീയതിയിൽ കർഷക ക്ഷേമ നിധിയിലേക്ക് കൈമാറ്റം ചെയ്ത് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് അപ്രകാരം കൈമാറ്റം ചെയ്ത് നൽകിയതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | ഇല്ല<br><br>തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ കിസാൻ അഭിമാൻ പദ്ധതിയുടെ പേരിൽ തുടങ്ങിയ 701011400000163-നമ്പർ STSB (സ്പെഷ്യൽ ട്രഷറി സേവിങ്സ് ബാങ്ക്) അക്കൗണ്ടിൽ അവശേഷിച്ചിരുന്ന 34100/-രൂപ 21/03/2022 ൽ സർക്കാരിലേക്ക് തിരിച്ചെടുത്തിട്ടുണ്ട് കിസാൻ അഭിമാൻ പദ്ധതി പുനരാവിഷ്കരിച്ച് നടപ്പിലാക്കിയ ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയുടെ ഭാഗമായി പിരിച്ച രജിസ്ട്രേഷൻ ഫീസ് തിരുവനന്തപുരം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ വികാസ് ഭവൻ ബ്രാഞ്ചിൽ കൃഷിഡയറക്ടറുടെ പേരിലുള്ള 67089522212 നമ്പറിലുള്ള ബാങ്ക് അക്കൗണ്ടിലാണ് സ്വീകരിച്ചിരുന്നത്. നിലവിൽ ഈ അക്കൗണ്ടിൽ 5128950.34/- രൂപ ഈ ഇനത്തിൽ ഉണ്ട്. കർഷക ക്ഷേമനിധി ബോർഡ് നിലവിൽ വന്നെങ്കിലും ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി ബോർഡ് ഏറ്റെടുത്തിട്ടില്ല .കർഷക പെൻഷൻ സേവന പോർട്ടൽ വഴി വിതരണം നടത്തുന്നത് ഇപ്പോഴും കാർഷിക വികസന കർഷക ക്ഷേമ വകുപ്പാണ്. ആയതിനാൽ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ സ്വീകരിച്ച തുകയും ബോർഡിന് കൈമാറിയിട്ടില്ല . |
| (ബി) | ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത തുക ഏതിനത്തിലാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | ഇല്ല<br><br>തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ കിസാൻ അഭിമാൻ പദ്ധതിയുടെ പേരിൽ തുടങ്ങിയ 701011400000163-നമ്പർ STSB (സ്പെഷ്യൽ ട്രഷറി സേവിങ്സ് ബാങ്ക്) അക്കൗണ്ടിൽ അവശേഷിച്ചിരുന്ന 34100/-രൂപ 21/03/2022 ൽ സർക്കാരിലേക്ക് തിരിച്ചെടുത്തിട്ടുണ്ട് കിസാൻ അഭിമാൻ പദ്ധതി പുനരാവിഷ്കരിച്ച് നടപ്പിലാക്കിയ ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയുടെ ഭാഗമായി പിരിച്ച |

| | | | |
|---|---|---|---|
| | | | രജിസ്ട്രേഷൻ ഫീസ് തിരുവനന്തപുരം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ വികാസ് ഭവൻ ബ്രാഞ്ചിൽ കൃഷിഡയറക്ടറുടെ പേരിലുള്ള 67089522212 നമ്പറിലുള്ള ബാങ്ക് അക്കൗണ്ടിലാണ് സ്വീകരിച്ചിരുന്നത്. നിലവിൽ ഈ അക്കൗണ്ടിൽ 5128950.34/- രൂപ ഈ ഇനത്തിൽ ഉണ്ട്. കർഷക ക്ഷേമനിധി ബോർഡ് നിലവിൽ വന്നെങ്കിലും ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി ബോർഡ് ഏറ്റെടുത്തിട്ടില്ല .കർഷക പെൻഷൻ സേവന പോർട്ടൽ വഴി വിതരണം നടത്തുന്നത് ഇപ്പോഴും കാർഷിക വികസന കർഷക ക്ഷേമ വകുപ്പാണ്. ആയതിനാൽ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ സ്വീകരിച്ച തുകയും ബോർഡിന് കൈമാറിയിട്ടില്ല . |

സെക്ഷൻ ഓഫീസർ